## ലൂഥറൻ മിഷന്റെ ഇന്ത്യൻ മുഖങ്ങൾ – മൂന്ന്

# കാൾ മന്തെ സോൺ

പരിഭാഷ : റവ.ഡോ.ഡി.ക്രിസ്തുദാസ്



സി.എം. സോൺ ലെയ്പ്സിക് മിഷനിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ ഉള്ള ചിത്രം



**കാൾ മന്തെ സോൺ**
ജനനം : 18 മാർച്ച് 1846
ഹോൾസ്റ്റെൻ, ജർമ്മനി
മരണം : 12 ജൂലൈ 1928

യുക്തിവാദം സാമ്രാജ്യവാദം എന്നിവകൾക്കിടയിൽ ദൈവവചനത്തിന്റെ സമഗ്രതയ്ക്കെതിരെയുള്ള വർദ്ധിച്ച പോരാട്ടങ്ങളെ അതിജീവിക്കാൻ ക്രിസ്തു കാൾ മന്തെ സോണിന് കരുണ നല്കി. ഇദ്ദേഹം ഒരു ഇവാഞ്ചലിക്കൽ പാസ്റ്ററുടെ പുത്രനായി ജനിച്ചു. ഷെഡ്വിങ്ങ് ഹോൾസ്റ്റയിനിലെ അഗസ്റ്റൻബർഗിലുള്ള പ്രഭു മന്തെയുടെ പുത്രിയാണ് മാതാവ്. ആൺ മക്കളില്ലാതിരുന്ന പ്രഭുവിന്റെ ആഗ്രഹപ്രകാരം കാൾ – ന് മന്തെ സോൺ എന്ന കുടുംബപേര് നല്കി. ഷെഡ്വിങ്ങ് പ്രദേശം ദാനീഷ് അധീനതയിലായപ്പോൾ 1852 ൽ കുടുംബം പാലസ്തീൻ റെയിൻലാണ്ടിലെ ഹോഡ്പെയറിലേക്ക് മാറി താമസിച്ചു. 1856– ൽ ഓർഡൻ ഹെയിമി– ലേക്ക് മാറി. 'പഴയ ലൂഥറൻ' പാസ്റ്റർ ക്ലാസ് ഹാംഡിൽ നിന്നും കാൾ – ന്റെ പിതാവ് അന്നു നിലവിലിരുന്ന യുക്തിവാദം, സാമ്രാജ്യ വ്യവസ്ഥ വാദം എന്നീ ചിന്താഗതികളെക്കുറിച്ചു പഠിക്കുകയും സ്വന്തം നിലപാടിലെത്തുകയും ചെയ്തു.

തന്റെ പത്താമത്തെ വയസ്സിൽ സോബർഹെയ്മിൽ എത്തുംവരെ കാൾ സ്വകാര്യ പഠനത്തിൽ ഏർപ്പെട്ടിരുന്നു. 15–ാം വയസ്സിൽ ക്രെയൂസ്നാക് – ലെ കായികാഭ്യാസ പഠന കേന്ദ്രത്തിൽ ചേർന്നു. സഹവിദ്യാർത്ഥികളുമായി മല്ല യുദ്ധത്തിൽ ഏർപ്പെടാനുള്ള പരിശീലനമായിരുന്നു അത്. യുക്തിവാദം പ്രബലപ്പെടുകയും ക്രൈസ്തവ മൂല്യങ്ങൾ ശോഷിക്കപ്പെടുകയും ചെയ്ത കാലമായിരുന്നു അത്.

തന്റെ പിതാവിന്റെ മരണാനന്തരം കുടുംബം എർലാങ്ങനിലേക്ക് മാറി താമസിച്ചു. ഇവരുടെ വീടിനെതിരെയുള്ള തെരുവിൽ ആയിരുന്നു പ്രസിദ്ധനായ ലെയ്പ്സിക് മിഷൻ ഡയറക്ടർ കാൾ ഗ്രൗൾ താമസിച്ചിരുന്നത്. കായികാഭ്യാസിയായി ബിരുദം നേടിയ ശേഷം എർലങ്ങൻ യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനു ചേർന്നു. വാൾ ഉപയോഗിച്ചുകൊണ്ടുള്ള ദ്വന്ദ്വയുദ്ധ പോരാളിയായി. അംഗീകരിക്കപ്പെട്ടു. ദ്വന്ദ്വയുദ്ധത്തിലുള്ള വാസന ശ്രദ്ധിച്ച ഫ്രാൻസ് ടെലിട്ഷ് സോണിനെ ഗുണദോഷിച്ചു. 1867– ൽ ഗുരുതരമായി പരുക്കേല്ക്കുംവരെയും വാൾ കൊണ്ടുള്ള ദ്വന്ദ്വയുദ്ധ പോരാട്ടങ്ങൾ കാൾ തുടർന്നുകൊണ്ടേയിരുന്നു. എർലങ്ങൻ വിട്ട് മെക്ലൻബർഗിലുള്ള ഒരു കുടുംബത്തിലെ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കാനായി കാൾ കരാറെടുത്തു. ഈയിടെ സുവിശേഷങ്ങൾ ആദ്യമായി വായിക്കാനിടയാകനിമിത്തം വിശ്വാസ സംബന്ധമായ നിർണ്ണായക വഴിതിരിവുണ്ടായി. ഒടുവിൽ തിരുവചനത്തിലെ യേശുവിനോടുള്ള തന്റെ വിയോജിപ്പുകൾ എത്ര നിസ്സാരമാണെന്നു ബോ



Leipzig Mission work
Poodoonkottai

ധ്യപ്പെടുകയും വേദപുസ്തകം സത്യമായും ദൈവവചനമാണ് എന്ന് തിരിച്ചറിയുകയും ചെയ്തു. യേശു സകല പാപികളുടെയും രക്ഷകൻ; തന്റെ രക്ഷകൻ; എന്ന് ഏറ്റു പറഞ്ഞു. ലൂഥറിന്റെ ചെറിയ കറ്റേക്കി സ്മുസും ആഗ്സ്ബർഗ് വിശ്വാസ ഏറ്റുപറച്ചിലുകളുടെ പ്രതിയും സ്വന്തമാക്കി.

1869– ന്റെ ആദ്യ പകുതിയിൽ തന്റെ ദൈവശാസ്ത്ര നിലപാടുകളുമായി ബന്ധപ്പെട്ട് നാലു നിർദ്ദേശങ്ങളിൽ ഒന്ന് തിരഞ്ഞെടുക്കേണ്ടതായ് വന്നു. 1) എർലാങ്ങനിലെ പ്രൊഫസറുടെ കുഞ്ഞുങ്ങൾക്ക് സ്വകാര്യ ട്യൂഷൻ നല്കുക. 2) അമേരിക്കയിലെത്തി മിസ്സൂറി സിനഡിലെ ഒരു പാസ്റ്റർ ആകുക 3) ഒരു ഫാക്ടറി ഉടമ വാഗ്ദാനം ചെയ്ത ലോൺ സ്വീകരിക്കുക. 4) ലെയ്പ്സിക് ഇവാഞ്ചലിക്കൽ മിഷനിൽ ചേർന്ന് ഇന്ത്യയിൽ അവരുടെ മിഷണറിയായി തീരുന്നതിനുള്ള പരിശീലനം നേടുന്നതിനായി അതിന്റെ ഡയറക്ടറിൽ നിന്നും ലഭിച്ച ക്ഷണം സ്വീകരിക്കുക. സോൺ ലെയ്പ്സിക് മിഷന്റെ പരിശീലനം തിരഞ്ഞെടുത്തു.

ലെയ്പ്സിക്-ൽ വച്ച് സോൺ ആദ്യമായി ഫ്രിട്സ് സുക്കറിനെ സന്ധിച്ചു. ചെറുപ്പക്കാരെ കായികാഭ്യാസത്തിന് പരിശീലിപ്പിക്കുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ലെയ്പ്സിക് മിഷനിലും അദ്ധ്യാപകരിൽ പരമ്പരാഗത ലൂഥറൻകാരും വിശുദ്ധ വേദപുസ്തകം അവതരിപ്പിക്കുന്ന ചരിത്രത്തിലെ യേശുവിനെ വിശ്വസിക്കാത്തവരുമായ ഇരുവിഭാഗം ഉണ്ടായിരുന്നു. സോൺ തന്റെ പഠനം അതീവ ഗൗരവത്തോടെ തുടർന്നു. ലൂഥറൻ വിശ്വാസ ഏറ്റുപറച്ചിലുകൾ ആഴമായി പഠിക്കുന്ന വിദ്യാർത്ഥി സമൂഹത്തിന്റെ ഭാഗമായി. ഈ പ്രത്യേക വിദ്യാർത്ഥി വിഭാഗം ഡയറക്ടർ ഹാർട്ടിലാന്റിനെ ക്ഷണിക്കുകയും അദ്ദേഹം ബുക്ക് ഓഫ് കൺകോർഡിനെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. ഈ സമയം മിസ്സൂറി സിനഡിനെക്കുറിച്ചും സി.എഫ്.ഡബ്ലിയു വാൾത്തറിനെക്കുറിച്ചും വിശദമായി കേൾക്കാനിടയായി. സോൺ തുടർന്ന് വാൾത്തറിന്റെ 'സഭയും ശുശ്രൂഷയും' എന്ന പുസ്തകം വായിക്കാനിടയായി.

1870–ൽ ബിരുദം നേടിയ ശേഷം മാരിയൻ ഹെങ്സ്റ്റൻ ബർഗിന് ശുശ്രൂഷാ പങ്കാളിയായി. 19 ഫെബ്രുവരി 1871– പ്രത്യേക അനുമതിയോടെ എർലങ്ങനിൽ വച്ച് അഭിഷിക്തനായി. അഭിഷേക ശുശ്രൂഷയിൽ സോണും സുഹൃത്ത് ഗ്രൂബെർട്ടും ലൂഥറൻ വിശ്വാസ ഏറ്റുപറച്ചിലുകൾ ഒന്ന് ഒന്നായി പേര് പറഞ്ഞ് ആവർത്തിക്കുകയും ദൈവവചനത്തിന്റെ മാറ്റപ്പെടാത്ത വ്യാഖ്യാനങ്ങളാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇതു അന്നുവരെയും കേട്ടിട്ടില്ലാത്ത ഒന്നായിരുന്നു. തുടർന്ന് 2 ജൂൺ 1871 – ൽ ഇന്ത്യയിലെ മിഷൻ പ്രവർത്തനങ്ങൾക്കായ് സോൺ അധികാരപ്പെടുത്തപ്പെട്ടു. സോൺ തരംഗംപാടിയിലെത്തിച്ചേരുകയും പുതുക്കോട്ടയിൽ പ്രവർത്തനത്തിന് നിയോഗിക്കപ്പെടുകയും ചെയ്തു. 1874 സെപ്തംബറിൽ സോണും സുക്കറും ചേർന്നു. 'വേദപുസ്ക പ്രകാരവും ലൂഥറൻ വിശ്വാസ സ്വീകാര പ്രകാരവും ശരിയായ ഉപദേശ ഐക്യം.' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സമ്മേളനത്തിൽ പേപ്പർ അവതരിപ്പിച്ചു. ഇന്ത്യയിൽ മിഷണറിയാകുന്നതിന് മുമ്പ് മിച്ചിഗണിലെ സഗിനാ താഴ്വരയിൽ മിഷണറിയായിരുന്ന എഡ്മണ്ട് ആർ ബയിലെറയിൻ സോൺ–സുക്കർ എന്നിവർക്കൊപ്പം എൽസിഎംഎസിൽ നിന്നുള്ള അച്ചടിച്ച പേപ്പറുകൾ വിതരണം ചെയ്തു. ഇതു ലെയ്പ്സിക് മിഷന്റെ പ്രാദേശിക മിഷണറിമാരുമായുള്ള വാദപ്രതിവാദങ്ങൾക്ക് കാരണമായി. സോണും സുക്കറും ലെയ്പ്സിക് മിഷൻ ബോർഡ്– ന് പുനർവിചാരണ ആവശ്യപ്പെട്ട് അപേക്ഷ നല്കി. തുടർന്ന് സുക്കർ, സോൺ, ഗ്രൂബെർട്ട് എന്നിവർ ജർമ്മൻ മിഷൻ വാർത്താ പത്രികയിൽ

തങ്ങളുടെ വിശ്വാസ പ്രതിജ്ഞാവാചകം പ്രസിദ്ധപ്പെടുത്തി. പെട്ടെന്നുതന്നെ ലെയ്പ്സിക് മിഷനിലെ തങ്ങളുടെ 'വിളി' അവർ ഉപേക്ഷിച്ച് 4 ജൂലായ് 1876-ൽ ന്യൂയോർക്കിൽ എത്തിച്ചേർന്നു. സോൺ ന്യൂയോർക്ക് പട്ടണത്തിലെ ഷെബേയ്ഗൺ എന്ന സ്ഥലത്തെ സഭയുടെ വിളി സ്വീകരിച്ചു. പിന്നീട് 1881-ൽ ഓഹിയോവിലെ ക്ലീവൻ ലാന്റിലെ സീയോൻ ലൂഥറൻ സഭയുടെ വിളി സ്വീകരിച്ചു.

സോൺ ധാരാളം ധ്യാന പുസ്തകങ്ങൾ രചിച്ചു. എൽ.സി.എം.എസിന്റെ അന്തർദ്ദേശീയ മിഷന്റെ ശക്തമായ ശബ്ദമായിരുന്നു സോൺ. തിയഡോർ നേത്തർ, റ്റി. ഫ്രാൻസ് മോഹൻ എന്നിവരുടെ നിയോഗ ശുശ്രൂഷ, 14 ഒക്ടോബർ 1894- ൽ മിസ്സൂറിയിലെ സെന്റ് ചാൾസ് ഇമ്മാനുവേൽ ലൂഥറൻ സഭയിൽ നടന്നപ്പോൾ സോൺ വചനശുശ്രൂഷ നിർവ്വഹിച്ചു.

**കാൾ മന്തെ സോൺ**

| | |
|---|---|
| 18 മാർച്ച് 1846 | ജർമ്മൻ ഷെൽസ്വിങ്ങിലെ സ്റ്റെറൂപ്പിൽ ഇവാഞ്ചലിക്കൽ പാസ്റ്റർ ഹാൻസിന്റേയും ലീന (മന്തെ)യുടേയും മകനായി ജനനം. അഗസ്റ്റൻബർഗിലെ പ്രഭുവും, ലീനയുടെ പിതാവുമായുള്ള മുൻ കരാർ പ്രകാരം 'മന്തെ സോൺ' എന്നു പേരിട്ടു. |
| 20 മാർച്ച് 1846 | ഇവാഞ്ചലിക്കൽ സഭയിൽ തിരുസ്നാനം |
| 1848 | പ്രാദേശിക വൈരത്തിൽ ഇടപെട്ട് ശത്രുപക്ഷം ചേർന്നവൻ എന്ന് മുദ്രകുത്തപ്പെടുകയാൽ ഹാൻസ് കുടുംബമായി ദക്ഷിണ പ്രവിശ്യയിലേക്ക് ഓടിപ്പോയി. |
| 1852 | ഹാൻസ് സോണിന് ഹോക്സ്പിയർ ഇവാഞ്ചലിക്കൽ സഭയിൽ നിയമനം ലഭിച്ചു. |
| 1856 | ഓടൻ ഹാമിലേക്ക് ഹാൻസ് കുടുംബം സ്ഥലം മാറ്റപ്പെട്ടു. |
| 1856 | 10 വയസ്സുവരെ സോബർഹയിനിൽ സ്വകാര്യമായി ഗ്രീക്ക്-ലത്തീൻ ഗണിതം എന്നിവ പഠിച്ചു. |
| 1861 | ക്രെയുൻഷിലെ ജിംനേഷ്യത്തിൽ ചേർന്നു. ഇതര വിദ്യാർത്ഥികളുമായി മല്ലയുദ്ധപരിശീലനം, ധാർമ്മികതയെക്കുറിച്ചു പഠിപ്പിക്കുന്ന ഒരു ഐതീഹ്യ ഗ്രന്ഥമെന്ന ധാരണയിൽ വേദപുസ്തകത്തെ സമീപിക്കുകയും പഠിക്കുകയും ചെയ്തു. |
| 10 നവംബർ 1862 | പിതാവിന്റെ മരണാനന്തരം കുടുംബം ഐർലങ്ങനിലേക്ക് താമസം മാറി. എതിരേയുള്ള തെരുവിൽ ലെയ്പ്സിക് ഇവാഞ്ചലിക്കൽ മിഷൻ മേധാവിയായിരുന്ന കാൾ ഗ്രൗൺ താമസിച്ചിരുന്നു. ലൂഥറൻ വിശ്വാസ സ്വീകാര ഗ്രന്ഥങ്ങൾക്കനുസരിച്ചും ദൈവവചനമായ വേദപുസ്തകാനുസരണവും ലെയ്പ്സിക് മിഷൻ പ്രവർത്തിക്കണമെന്ന് വാദിച്ച വ്യക്തിയായിരുന്നു ഗ്രൗൺ. |
| 1864 (?) | ജിംനേഷ്യത്തിലെ അവസാന വർഷ പരീക്ഷയ്ക്കുശേഷം എർലങ്ങൻ യൂണിവേഴ്സിറ്റിയിൽ പഠനം തുടർന്നു. |
| 1867 | മെർലൻബർഗിലെ ഒരു ധനിക കുടുംബത്തിൽ സ്വകാര്യ അദ്ധ്യാപകനായി തൊഴിൽ സ്വീകരിച്ചു. മനസാക്ഷിഭയം, ദൈവഭയം ക്രോധമായ ദൈവീകന്യായവിധി ഇവകളെക്കുറിച്ച് ഈ നാളുകളിൽ സോൺ ഏറെ വ്യാകുലനായി. പഴയ പ്രാദേശിക പാസ്റ്റർ സുവിശേഷ പാരായണത്തിന് ഉപദേശിച്ചു 'ദൈവീക ശക്തി വിശുദ്ധ ലിഖിതത്തിലെ യേശുവിന്റെ വചനം അത് എന്നെ കീഴ്പ്പെടുത്തുകയും എന്നെ അടിമയാക്കുകയും ചെയ്തു.' എന്നത് സോണിന്റെ സാക്ഷ്യം. സോൺ മുഴുബൈബിളും വായിക്കാൻ തുടങ്ങി. ലൂഥറിന്റെ ചെറിയ |

| | |
|---|---|
| | കറ്റേക്കിസ്മുസും, ആഗ്സ്ബർഗ്ഗ് വിശ്വാസ ഏറ്റുപറച്ചിലിന്റെ പ്രതിയും ആദ്യമായി സോൺ സ്വന്തമാക്കി. ഐക്യ സുവിശേഷ സഭയിലെ തന്റെ അംഗത്വം തുടങ്ങുന്ന തിനെക്കുറിച്ച് പുനരാലോചന. |
| 1869 | പഠനത്തിനും തൊഴിലിനുമായുള്ള നാലുസാദ്ധ്യതകൾ. ലെയ്പ്സിൽ ഇവാഞ്ചലി ക്കൽ ലൂഥറൻ മിഷന്റെ ഇന്ത്യയിലെ സേവനത്തിനായുള്ള പരിശീലകനാകാൻ തീരുമാനം. ഇവിടെവച്ച് സോണും ഫ്രിട്ട്സ് സുക്കറും തമ്മിൽ സുഹൃത്തുക്കളായി. 'ഫിലദെൽഫിയ' എന്ന വിദ്യാർത്ഥീ കൂട്ടത്തിലെ ഏതാനും സഹപാഠികളുമായി ലൂഥറൻ വിശ്വാസ ഏറ്റുപറച്ചിലുകളുടെ ആഴമായ പഠനം. ലെയ്പ്സിക് മിഷൻ മേധാവി ഹർഡിലന്റിനെ ക്ഷണിച്ച് 'സഭയും ശുശ്രൂഷയും' എന്ന വിഷയത്തെക്കു റിച്ചുള്ള പ്രഭാഷണം. ഹർഡിലന്റ് മിസ്സൗറി സിനഡിനേയും സി.എഫ്.ഡബ്ലിയു. വാൾത്തറിനേയും പരിചയപ്പെടുത്തി. വാൾത്തറിന്റെ 'സഭയും ശുശ്രൂഷയും' എന്ന ഗ്രന്ഥം സോൺ വായിക്കുകയും വാൾത്തറിന്റെ ഉപദേശക നിലപാടിലും വ്യക്തത യിലും ആകൃഷ്ടനാകുകയും ചെയ്തു. |
| 1870 | അവസാന പരീക്ഷക്ക് ഒരുങ്ങുന്നതിനിടയിൽ എർങ്ങനിൽ നിന്നും മാതാവ് നിർദ്ദേശിച്ച പ്രകാരം 'പെൻഷണർ' എന്ന പ്രസിദ്ധീകരണവുമായി സോൺ കത്തിടപാടുകൾ തുടങ്ങി. 'ക്രിസ്തീയ ഉപദേശവും അതിന്റെ പ്രായോഗികതയും' എന്ന വിഷയത്തെക്കുറിച്ച്, പ്രത്യേകമായും വിശ്വാസ ഐക്യതയുള്ളവരുമായി മാത്രം തിരുവത്താഴം സ്വീകരിക്കുന്നതു സംബന്ധിച്ച് രണ്ടു ലേഖനങ്ങൾ എഴുതി. അവസാനപരീക്ഷകൾ വിജയകരമായി പൂർത്തിയാക്കിയശേഷം മാരിബയിനുമായി വിവാഹ നിശ്ചയം നടത്തി. |
| 19 ഫെബ്രു. 1871 | ഗ്രൂബെർട്ടിനൊപ്പം എർലങ്ങനിൽ വച്ച് അഭിഷിക്തനാകാൻ അനുവാദം നേടി. യുക്തിചിന്താഗതിക്കാരനായിരുന്ന തോമസിയാസിനായിരുന്നു അഭിഷേക ചുമതല. തങ്ങളുടെ തിരുവചനത്തോടുള്ള വിധേയത്വവും വേദപുസ്തകം മുഴുവ നായും ദൈവത്തിന്റെ സത്യവചനമാണെന്നും മാറ്റം വരാത്ത ബുക്ക് ഓഫ് കൺ കോർഡു വചനത്തിന്റെ ശരിയായ വ്യാഖ്യാനമാണെന്നും ശുശ്രൂഷയ്ക്കിടയിൽ പരസ്യമായി സാക്ഷിച്ചു. |
| 2 ജൂൺ1871 | |
| മേയ് 31 | മുൻ ലെയ്പ്സിക് മിഷൻ മേധാവി ഹാർഡിലന്റിനാൽ സോണും ഗ്രൂബെർട്ടും ഇന്ത്യയിൽ സേവനം ചെയ്യാനുള്ള മിഷണറിമാരായി നിയോഗിക്കപ്പെട്ടു. |
| 8 ജൂലായ് 1871 | മദ്രാസിലെത്തി. തുടർന്ന് തമിഴ് പഠിക്കാനായ് തരംഗംപാടിയിലേക്ക് |
| ഫെബ്രുവരി 1872 | പുതുക്കോട്ടയിലെ ശുശ്രൂഷക്കായ് സോൺ ചുമതലപ്പെടുത്തപ്പെട്ടു. തുടർന്ന് ഡെങ്കിപ്പനി പിടിച്ചു. |
| 26 ഡിസം. 1872 | സോണും മാരിയൻ ഹെങ്ങസ്റ്റർബർഗും തമ്മിൽ വിവാഹിതരായി. |
| സെപ്തം. 1874 | സോണും സുക്കറും സഹമിഷണറിമാരെ ക്ഷണിച്ചുവരുത്തി. 'തിരുവചനത്തിൽ വിശ്വാസത്തിന്റെയും ഉപദേശത്തിന്റെയും ഐക്യം'- എന്ന വിഷയം അവതരിപ്പിച്ച് ചർച്ച ചെയ്തു. സോണും സുക്കറും വിഷയാവതരണം നടത്തി. വിഷയം വിവാദമായി. ഇന്ത്യയിലെ പ്രവർത്തനങ്ങൾക്കു നിയോഗിക്കപ്പെട്ട മറ്റൊരു ലെയ്പ്സിക് മിഷണറി എഡ്മണ്ട് ആർ ബയർലെയനും സോണും സുക്കറും ചേർന്ന് എൽ.സി.എം.എസിന്റെ അച്ചടിച്ച ചില രേഖകൾ വിതരണം ചെയ്തു. സോണും സുക്കറും ഒടുവിൽ ഒരുമിച്ച് മിഷൻ ബോർഡിന്റെ തീർപ്പിനായി അപേക്ഷ നല്കി. പ്രതികരണം കഠിനമായിരുന്നു. സോൺ, സൂക്കർ, ഗ്രൂബെർട്ട് |

| | |
|---|---|
| | സി.എഫ്.ഡബ്ലിയു. വാൾത്തർ എന്നിവർ രൂക്ഷമായി വിമർശിക്കപ്പെട്ടു. ജർമ്മൻ മിഷൻ വാർത്താ പത്രികയിൽ സോൺ ഗ്രൂപ്പ് തങ്ങളുടെ വിശ്വാസ പ്രഖ്യാപനം പ്രസിദ്ധീകരിച്ചു. സോൺ സുക്കർ, ഗ്രൂബെർട്ട് എന്നിവർ ലെയ്പ്സിക് മിഷൻ നല്കിയ വിളി രേഖകൾ തിരിച്ചു നല്കുകയും മിസൂറി സിനഡിൽ ചേരാനുള്ള ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. |
| 4 ജൂലായ് 1876 | സോണും സുക്കറും ന്യൂയോർക്കിലെത്തി. സോണിന് വിസ്കേസനിലെ ഷെബോയ്ഗൺ ഇടവക ശുശ്രൂഷകനായ് വിളി നൽകി. |
| നവംബർ 1878 | സെന്റ് ലൂയിസിലെ ത്രിത്വ ലൂഥറൻ സഭയുടെ വിളി സോൺ രണ്ടു പ്രാവശ്യം നിരസിച്ചു. |
| 1881 | ഒഹിയോവിലെ ക്ലീവൻലാന്റിലെ സീയോൻ ലൂഥറൻ സഭയുടെ വിളി സോൺ സ്വീകരിച്ചു. |
| 14 ഒക്ടോ. 1894 | മിസ്സൂറിയിലെ സെന്റ് ചാൾസിലുള്ള ഇമ്മാനുവേൽ ലൂഥറൻ സഭയിൽ വച്ചു നടന്ന തിയഡോർനേത്തറിന്റെയും റ്റി. ഫ്രാൻസ് മോഹനന്റേയും നിയോഗ ശുശ്രൂഷയിൽ സോൺ പ്രസംഗിച്ചു. |
| 1907 | ഭാര്യ മാരി മരിച്ചു. |
| 1911 | 65-ാം വയസ്സിൽ ശുശ്രൂഷയിൽ നിന്നും വിരമിക്കുകയും തുടർന്ന് മകൾ കാൾ-നൊപ്പം താമസം തുടങ്ങി. |
| 12 ജൂലായ് 1928 | സോൺ മരിച്ചു. 29 ജൂൺ 1928 - ൽ ഉണ്ടായ ഹൃദയാഘാതത്തെ തുടർന്ന് ചികിത്സയിലായിരുന്നു. |

'... സോണിനെക്കുറിച്ചുള്ള ഏറ്റവും മഹത്തായ കാര്യമെന്ത്? അയാളുടെ ജീവിതകഥ പറയണമെങ്കിൽ അനേകം പേജുകൾ ചെലവിടണം. അയാളുടെ സംക്ഷിപ്തമായ ദൈവശാസ്ത്രപഠന വ്യഗ്രതമാത്രമല്ല, അയാൾ വഹിച്ച പദവികളെ കുറിച്ചല്ല അദ്ദേഹത്തിന്റെ അനേകം എഴുത്തുകളെ കുറിച്ചല്ല..... തികച്ചും മാനുഷീക നിലയിൽ, സോൺ ഒരു അനുഗ്രഹീത വ്യക്തിയും അസാധാരണ കഴിവുള്ളവനുമായിരുന്നു.... യൗവനകാലത്ത് പാപത്താൽ വശീകരിക്കപ്പെട്ടു... അവന്റെ പാപങ്ങൾ... മാനുഷീക അഹങ്കാരത്തിൽ നിന്നുളവായവകളായിരുന്നു. ഒടുവിൽ അവൻ അവന്റെ ദൈവത്തിന് എതിരായി തന്നേയും കലഹിച്ചു. എന്നാൽ അപ്പോസ്തലനായ പൗലൂസിനെ പോലെ, കർത്താവ് ശക്തമായി അവന്റെ ജീവിതത്തെ ഉടച്ചു. അത് അവനെ പാപബോധത്തിലേക്ക് നയിച്ചു. പിന്നെ ദൈവം അസാധാരണമായ നിലയിൽ അവന്റെ കരുണയും ആത്മാവും അവനിൽ പകർന്നു. അവൻ അതുല്യനും സ്വാഭാവിക ദാനങ്ങളുടെ പ്രത്യേക കൂടിച്ചേരലിന്റെ വ്യക്തിയും ആയിമാറി. വചനം നിമിത്തം നേരിടേണ്ടി വന്ന പരിഹാസങ്ങളേയും ദുരവസ്ഥകളേയും സഹിയ്ക്കാൻ അവൻ പ്രപ്തനായി... 'ക്രിസ്തീയ മനുഷ്യന്റെ സ്വാതന്ത്ര്യം' എന്ന ലൂഥറിന്റെ പ്രബന്ധത്തിന്റെ പ്രവർത്തനീയമായ പ്രയോഗങ്ങളെ അസാധാരണമായ അളവിൽ അവതരിപ്പിച്ചു.'

അഗസ്റ്റസ് പീറ്റർ 1928 ൽ എഴുതിയ സോണിന്റെ ജീവചരിത്രത്തിൽ നിന്നും